<u>ഭരണഭാഷ - മാതൃഭാഷ</u>

നം.സി4 43439 (A)/2018/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 17.11.2018
ഫോൺ: 0471-2303107

## <u>സർക്കുലർ</u>

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റുന്നതിനും കേരളത്തിലെ സർവ്വകലാശാലകളെ ലോക നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന തിനുംവേണ്ടി ദീർഘനാളായി കെട്ടിക്കിടക്കുന്ന ഫയലുകൾ റീജിയണൽ ഓഫീസുകളിലും ഡയറക്ടറേറ്റിലും അദാലത്ത് നടത്തി നടപടിയെടുത്ത് തീർപ്പാക്കേണ്ടതാണെന്നും 2018 ഒക്ടോബർ 9-ാം തീയതി ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി.

ഇതിന്റെ ഭാഗമായി എല്ലാ മൂന്ന് മാസത്തിൽ ഒരിക്കലും ഫയൽ അദാലത്തുകൾ നടത്തുന്നതാണ്. നവംമ്പർ 27-ാം തീയതി 10.30 ന് കോളേജ് വിദ്യാഭ്യാസ ആസ്ഥാനകാര്യാലയത്തിലും 2019 ജനുവരി 3-ാം തീയതി കൊല്ലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിലും കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ ഫയൽ അദാലത്ത് നടത്തുന്നതാണ്.

മേൽ സാഹചര്യത്തിൽ കോളേജ് വിദ്യാഭ്യാസ ആസ്ഥാനകാര്യാലയത്തിൽ കെട്ടിക്കിടക്കുന്ന ഫയലുകളെ സംബന്ധിച്ചുള്ള ലിസ്റ്റ് 2018 നവംബർ 19 ന് 5 മണിക്ക് മുമ്പായും ഡെപ്യൂട്ടി ഡയറക്ടറേറ്റുകളുമായി ബന്ധപ്പെട്ടുള്ള ഫയലുകൾ സംബന്ധിച്ച റിപ്പോർട്ട് കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 21.11.2018 ൽ റിപ്പോർട്ടുമായി ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർ, അക്കൗണ്ട്സ് ഓഫീസർ എന്നിവർ കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ എത്തേണ്ടതാണ്. ഫയൽ അദാലത്തുമായി ബന്ധപ്പെട്ട് ആവശ്യമുള്ള പക്ഷം അവധി ദിവസങ്ങളിൽ ഈ വിഷയം സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ജീവനക്കാരെ നിയോഗിക്കുന്നതിന് ബന്ധപ്പെട്ട കോളേജുകളുൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.

ഹരിത വി കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
0471-2303548
dirdce.colledn@kerala.gov.in

പകർപ്പ്:-

1. സി.എ ഡയറക്ടർ/ അഡീഷണൽ ഡയറക്ടർ/ ഡെപ്യൂട്ടി ഡയറക്ടർ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ സീനിയർ ഫിനാൻസ് ഓഫീസർ /സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
2. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും
4. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ എല്ലാ സെക്ഷനുകളിലേയ്ക്കും